ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേഗതി സഭ നിരാകരിച്ചു.

2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുന്നു.

(6) 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫീഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, VAT മൂല്യ വർദ്ധിത നികുതി നിയമം നിലവിൽ വന്നശേഷം യഥാർത്ഥത്തിൽ ടാക്സ് ഇംപ്ലിമെൻറേഷനിൽ വളരെയധികം സുതാര്യത വന്നിട്ടുണ്ട്. ഒരു സിസ്റ്റത്തിൽനിന്ന് വേറൊരു സിസ്റ്റത്തിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന ചില പ്രായോഗികമായ ബുദ്ധിമുട്ടുകളൊഴിച്ചാൽ ഇത് നടപ്പിലായിക്കഴിയുമ്പോൾ . ഇതിന്റെ നടപടിക്രമങ്ങളും മറ്റും വളരെ എളുപ്പമാകുന്നു. കച്ചവടക്കാർക്ക് സ്വയം നികുതി തീരുമാനിക്കാനും അവരുടെ റിട്ടേൺസ് സബ്മിറ്റ് ചെയ്യാനും അത് അടയ്ക്കാനും പ്രൊവിഷനുണ്ട്. അതുകൊണ്ട് ഒരുദ്യോഗസ്ഥനും അവരെ കാണാൻപോലും ചെല്ലുകയില്ല. ഇത് പല ഫോറത്തിലും ഡിസ്കസ് ചെയ്തു. ബിസിനസ്സുകാരും കച്ചവടക്കാരുമായിട്ടുള്ള പല പ്രതിനിധികളുമായി ചർച്ച ചെയ്തു. അപ്പോഴൊക്കെ ചില പുതിയ നിർദ്ദേശങ്ങൾ വന്നു. എംപവേർഡ് കമ്മിറ്റിയും ചില പുതിയ തീരുമാനങ്ങൾ എടുത്തു. ആ തീരുമാനങ്ങളെല്ലാം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഈ ഭേഗതികൾ കൊണ്ടുവന്നിട്ടുള്ളത്. കൂടുതൽ ബാദ്ധ്യത വരുത്താതെ ഓരോ സൗകര്യങ്ങൾ ചെയ്യുക എന്നുള്ളതാണ് പ്രധാന മായിട്ടുള്ളത്. നിശ്ചിത സംഖ്യയിൽ കുറവ് വിറ്റുവരുമാനമുള്ളവരും നികുതിയിൽനിന്ന് ഒഴിവുള്ളവരുമായ പല വ്യാപാരികളും വ്യവസായികളും

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് രജിസ്ട്രേഷൻ എടുക്കാനും മൂല്യവർദ്ധിത നികുതി നിയമത്തിൽ ലഭ്യമായ നികുതി കിഴിവ് കിട്ടാനുമുള്ള സംവിധാനമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് അതിന് ഓപ്ഷൻ കൊടുത്തിട്ടുണ്ട്. അതാണ് ഒരു വ്യവസ്ഥ. അത് ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2004-05-ൽ കൊടുത്തിട്ടുള്ള വിൽപ്പന നികുതിക്കും പ്രവേശന നികുതിക്കും നികുതി കിഴിവ്, 1-4-2005-നു ശേഷമാണ് ഈ വസ്തുക്കൾ വിൽക്കുന്നതെങ്കിൽ ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് മറെറാരു ഭേദഗതി. മറെറാന്ന്, ശ്രീ. വി. കെ. സി. മമ്മത്കോയ പറഞ്ഞതാണ്. റോസ്ഗാർ യോജന പ്രകാരമുള്ള 10 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്കുള്ള നികുതി 12.5%-ത്തിൽനിന്നും 4% ആയി കുറവ് ചെയ്തിട്ടുണ്ട്. അതും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറെറാന്ന്, മാരുതി പോലുള്ള വലിയ കമ്പനികൾ സെക്കൻറ് ഹാൻറ് കാർ വാങ്ങിയിട്ട് നന്നാക്കി വിൽക്കുന്നുണ്ട്. ആ ഡിഫറൻസിന് മാത്രം 4% ടാക്സ് ഈടാക്കാനായിട്ടുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് വാങ്ങിയിട്ട് അവർ നന്നാക്കി മൂന്നു ലക്ഷം രൂപയ്ക്ക് വിൽക്കും. അതിൽ വെറും നാലു ശതമാനം മാത്രം നികുതി ഈടാക്കുകയാണ്. മറെറാരു കാര്യം പറയാനുള്ളത്, ഈയടുത്ത കാലത്തായി കണ്ട പ്രവണതയാണ്, ജുവല്ലറികൾ ധാരാളം ബ്രാഞ്ചുകൾ തുടങ്ങുന്നുണ്ട്. കൊച്ചു കൊച്ചു സ്വർണ്ണക്കടകൾ ഓരോ സ്ഥലത്തും ധാരാളം കാണാം. അതു പലതും നമ്മുടെ പരിധിയിൽ വരില്ല. അതുകൊണ്ട് സ്വർണ്ണം കടത്തുന്നതിനും ഡയമണ്ട് പോലുള്ള സാധനങ്ങൾ കൊണ്ടുവരുന്നതിനും പരിധി എടുത്തു കളഞ്ഞു. എല്ലാവരും ടാക്സ് തരണമെന്നുള്ള വ്യവസ്ഥയാണ്. മറെറാന്ന്, നികുതിദായകർ സമർപ്പിച്ച റിട്ടേണുകളിൽ തെറെറാകട്ടെ കണ്ടാൽ രണ്ടു മാസത്തിനകം അവർക്ക് സ്വന്തം തെറെറ് തിരുത്താനുള്ള അവസരമുണ്ടായിരിക്കും. അതോടുകൂടി അടയ്ക്കേണ്ട നികുതിയും അതിൻറെ പലിശയും അടച്ചു തീർക്കേണ്ടതാണ്. അവർക്ക് സ്വയം തിരുത്താം. 2005 മാർച്ച് 31-ന് കൈവശമുണ്ടായിരുന്നതും ആദ്യ ഘട്ടത്തിലോ അവസാന ഘട്ടത്തിലോ മാത്രം നികുതി അടച്ചതുമായ കാർഷിക വിളകൾക്ക് അർഹമായ നികുതി കിഴിവ് മൂന്നു ഗഡുക്കളായി ഒരു ഗഡുവായി തന്നെ അനുവദിക്കുന്നതാണ്. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിലുള്ള യൂണിററുകൾ വാങ്ങുന്ന മെഷീനുകൾ, അസംസ്കൃത പദാർത്ഥങ്ങൾ, പാക്കിംഗ് മെറീരിയൽസ് എന്നിവയ്ക്ക് മുമ്പുണ്ടായിരുന്നതുപോലെ നികുതി കിഴിവ് നൽകുന്നതാണ്. ലക്ഷദ്വീപുകാർ വാങ്ങിക്കുന്ന സാധനങ്ങൾക്കും കുറച്ച് ഇളവുകൾ കൊടുത്തിട്ടുണ്ടായിരുന്നു. അത് തുടർന്നും ഈ അമെൻറ്മെൻറിലൂടെ അവർക്ക് നൽകുന്നതാണ്. ധനകാര്യമന്ത്രിമാരുടെ എംപവേർഡ് കമ്മിററിയിൽ എടുത്ത തീരുമാനമനുസരിച്ച് ഖാദി വസ്ത്രങ്ങൾ, റൊട്ടി, ഉപ്പ്, കൃഷിക്കുപയോഗിക്കുന്ന വസ്തുക്കൾ, റേഷൻ സാധനങ്ങൾ എന്നിവയ്ക്കെല്ലാം ഇപ്പോൾ നികുതി ഒഴിവാക്കാനുള്ള അമെൻറ്മെൻറ് ഉണ്ട്. ഇതിലുള്ള ചില പ്രധാനപ്പെട്ട വകുപ്പുകൾ ചേർത്ത അമെൻറുമെൻറുകളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മുടെ നിയമസഭയിൽ ഒരു റൂളിംഗ് ഉണ്ട്. അത് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി തന്നെ നൽകിയതാണ്. അതായത്, ഒരു ബിൽ നമ്മൾ പരിഗണനയ്ക്കെടുക്കുമ്പോൾ അതിൻറെ മൂലനിയമം ഇംഗ്ലീഷിൽതന്നെയാണെങ്കിലും അതിൻറെ മലയാളം കോപ്പി നിർബന്ധമായിട്ടും നിയമസഭയിൽ കൊടുത്തിരിക്കണമെന്ന് റൂളിംഗ് നൽകിയ സ്പീക്കറാണ് ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയായിട്ട് ഇരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ വാല്യൂ ആഡഡ് ടാക്സ് അമെന്റ്മെന്റ് ബില്ലിന്റെ മലയാളം കോപ്പി ഇതുവരെ കിട്ടിയിട്ടില്ല. അത് സഭയിൽ നൽകിയിട്ടുള്ള റൂളിംഗിന് വിരുദ്ധമായിട്ടാണ് എന്ന കാര്യം ചെയറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ലാ ഡിപ്പാർട്ടുമെന്റിൽനിന്ന് തയ്യാറായി കിട്ടിയിട്ടില്ല. പക്ഷെ ടാക്സിന്റെ കാര്യമായതുകൊണ്ട്, ഈ സഭയിൽത്തന്നെ പാസ്സാക്കേണ്ടിയിരിക്കുന്നു. ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ട് തിരിച്ചു വരണം, ക്ലാസ് ബൈ ക്ലാസ് ഡിസ്കസ് ചെയ്ത് പാസ്സാക്കണം. അതുകൊണ്ടാണ്. അല്ലാതെ അങ്ങു പറഞ്ഞ കാര്യത്തിൽ എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. കഴിയുന്നതും മേലാൽ ഉള്ളതെല്ലാം അങ്ങനെ ചെയ്യാം. അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യാം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. തീർച്ചയായും മലയാളം കോപ്പിയും കിട്ടേണ്ടതാണ്. നേരത്തെ റൂളിംഗ് ഉള്ളതാണ്. അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിന്റെ സാഹചര്യം അദ്ദേഹം പറഞ്ഞു.

Sri. K. Babu: Sir, I move that the Kerala Value Added Tax (Amendment) Bill, 2005 be circulated for eliciting public opinion till 30-9-2005. വാറ്റ് വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തെ [1.00 P.M.] വ്യാപാരികൾക്ക് വളരെയധികം ആശങ്കകളുണ്ടായിരുന്നു. അവർ പ്രക്ഷോഭം നടത്തുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് അവരുമായി നിരന്തരമായ ചർച്ചയിലൂടെ ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 19-ാമത് സംസ്ഥാനമായി വാറ്റ് കേരളത്തിൽ നടപ്പാക്കും എന്നുള്ള മുഖ്യമന്ത്രിയുടെ അഭിപ്രായംകൂടി മാനിച്ചുകൊണ്ട് ഇപ്പോൾ വാറ്റ് കേരളത്തിൽ നടപ്പായിട്ടുണ്ട്. വ്യാപാരികളുടെ ആശങ്കകൾ കുറേ പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ പുതിയ ഭേദഗതിയിലൂടെ കുറെ ഇളവുകൾ പല മേഖലകളിലും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് വളരെയേറെ സ്വാഗതാർഹമാണ്. പക്ഷേ അതോടൊപ്പംതന്നെ ഇവിടെയൊക്കെ ചില നിത്യോപയോഗ സാധനങ്ങളുടെയും അതുപോലെ മരുന്നിന്റെയുമൊക്കെ വിലയെക്കുറിച്ചും പരാമർശിക്കുകയുണ്ടായി. ഇൻസുലിന്റെ കാര്യത്തിലൊക്കെ ചില ഇളവുകൾ പറഞ്ഞിരുന്നു. പക്ഷേ ഈ വാറ്റ് വരുമ്പോൾ, നികുതി ഏകീകരണം വരുമ്പോൾ കേരളത്തിൽ പല സാധനങ്ങൾക്കും കുറേക്കൂടി വില കുറയുമെന്നുള്ള ധാരണയുണ്ടായിരുന്നു. എന്നാൽ വില കുറയുന്നില്ല എന്നുള്ള ഒരവസ്ഥയുണ്ട്. അത് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. Input credit ഉപഭോക്താക്കൾക്ക് pass on ചെയ്യുന്നുണ്ടോ എന്നുള്ളത് പരിശോധിക്കാനുള്ള സംവിധാനം കൂടുതൽ ശക്തമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് 50 ലക്ഷം രൂപവരെ വിറ്റുവരവുള്ള ചെറിയ കച്ചവടക്കാർക്ക് ശരാശരി 5% ആണ് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഒരു വ്യവസ്ഥ ഇതോടൊപ്പം വച്ചിട്ടുണ്ട്. ആ വ്യവസ്ഥ registered dealers-ൽനിന്നും ഇവർ സാധനങ്ങൾ വാങ്ങണമെന്നാണ്. ഈ വ്യവസ്ഥ ഒഴിവാക്കാവുന്നതാണ്. ഇത് ഒഴിവാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അത് unregistered ആയിട്ടുള്ള ആളുകളിൽനിന്നും വാങ്ങിയാലും ഇവർ ഉടനെതന്നെ ടാക്സ് കൊടുക്കുന്നവരാണ്. ഓരോ മാസവും ഇവർ ശരാശരി 5% ടാക്സ് അടയ്ക്കുന്നുണ്ട്. അതുകൊണ്ട് ഈ registered dealers-ൽനിന്നും മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പാങ്ങാവു. 50 ലക്ഷം രൂപവരെ വിറ്റുവരവുള്ള ആളുകൾ എന്നുള്ള ഒരു വ്യവസ്ഥയിൽ കുറച്ച് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. അത് ഒഴിവാക്കണം, അത് ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം, കോൺട്രാക്ടർമാരിൽനിന്നും ഈടാക്കുന്ന ടാക്സിനെ സംബന്ധിച്ച് വളരെയധികം അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. കോൺട്രാക്ടർമാർക്ക് ബിൽ കൊടുക്കുമ്പോൾ അവരിൽനിന്നും ടാക്സ് ഈടാക്കിക്കൊണ്ടുവേണം അവർക്ക് ബിൽ കൊടുക്കാൻ, അവർക്ക് പേമെന്റ് കൊടുക്കാൻ. അപ്പോൾ ഓരോന്നിനും ടാക്സ് നമ്മുടെ ഉദ്യോഗസ്ഥൻമാർ അസസ് ചെയ്ത് അവർ അതിന്റെ കണക്കെല്ലാം റെഡിയാക്കി കംപ്യൂട്ട് ചെയ്ത് സർട്ടിഫിക്കറ്റ് കൊടുത്താൽ മാത്രമേ കോൺട്രാക്ടർമാർക്ക് പേമെന്റ് കിട്ടുകയുള്ളൂ. അതുകൊണ്ട് അതിന്റെ ഒരു അവ്യക്തത ഒഴിവാക്കാനും കാലതാമസവും പ്രയാസവും ഒഴിവാക്കാനും നടപടി സ്വീകരിക്കണം. തമിഴ്നാട്ടിൽ 2% deduction കൊടുക്കാവുന്ന ഒരു വ്യവസ്ഥയുണ്ട്. 4% എന്നുള്ള വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈ കോൺട്രാക്ടർമാരുടെ ടാക്സിന്റെ കാര്യത്തിൽ തമിഴ്നാട്ടിലൊക്കെയുള്ളതുപോലെ ഒരു compounding system കൊണ്ടുവരാൻ സാധിച്ചാൽ കുറച്ച് അവ്യക്തത ഒഴിവാകും. ഇന്ന് കോൺട്രാക്ടർമാർക്ക് പേമെന്റ് കിട്ടുന്നതിനുള്ള താമസം, ഇപ്പോൾ ഓരോ സെയിൽസ്ടാക്സ് ഓഫീസിൽ പോയാൽ സർട്ടിഫിക്കറ്റ് കിട്ടുക എന്നുള്ളതു് അത്ര എളുപ്പമുള്ള കാര്യമല്ല.....(ബഹളം).....അത് കേൾക്കേണ്ടവർ കേൾക്കുന്നുണ്ട്, അതിന് മറുപടി കിട്ടും.

മി. ചെയർമാൻ: അത് സഭയുടെ രേഖയിലുണ്ടാവും.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ കോൺട്രാക്ടറുടെ ടാക്സുമായി ബന്ധപ്പെട്ടുള്ള കാര്യമാണ് പറയുന്നത്. ഇപ്പോൾ എം.എൽ.എ.മാർക്ക് കൊടുക്കുന്ന flood relief-ൽ ഉൾപ്പെടുത്തിയ റോഡ് വർക്ക് ഉണ്ട്. ഈ road-work-ന് ഇതുവരെ 8.5% ടാക്സാണുണ്ടായിരുന്നത്. ഇപ്പോൾ ഈ വാറ്റ് വന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപയ്ക്ക് 13.5% ടാക്സ് കൊടുക്കണം. അതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ മുമ്പുണ്ടായിരുന്നതിനേക്കാൾ വല്ലാത്ത രൂപത്തിൽ ചുരുങ്ങി വരികയാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ഈ കാര്യത്തിൽ ഒരു അവ്യക്തത കൂടിയുണ്ട്. ഈ ഫ്ളഡ് റിലീഫ് സംബന്ധിച്ച വർക്കുകൾ പലതും നടത്തുന്നത് ബെനിഫിഷ്യറി കമ്മിറ്റികളാണ്. കോൺട്രാക്ടർമാർ നേരിട്ടല്ല നടത്തുന്നത്. രണ്ടുലക്ഷം രൂപയ്ക്കു താഴെവരെയുള്ള വർക്കുകൾ മുഴുവൻ നടത്തുന്നത് ബെനിഫിഷ്യറി കമ്മിറ്റികളാണ്. ആ കമ്മിറ്റികളും ഈ ടാക്സ് കൊടുക്കുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമുണ്ട്.

ശ്രീ. കെ. ബാബു: ഇവിടെ ശ്രീ. വി. കെ. ചന്ദ്രൻ ചൂണ്ടിക്കാണിച്ചതും ബഹുമാനപ്പെട്ട ചെയറിൽനിന്നും നടത്തിയ പരാമർശവും ശരിയാണ്. കാരണം ഈ flood relief work-ന് contractor ഇല്ല. സാധാരണ പി.ഡബ്ലിയു.ഡി. വർക്കിന് 10% സി. പി. വച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൽ സി. പി. ഇല്ല. എന്നുമാത്രമല്ല, ഇതിന്റെ പേമെന്റ് ലഭിക്കാൻ കാലതാമസവും വരും. ഇപ്പോൾ അതുകൊണ്ടുണ്ടായിട്ടുള്ള ഒരു സ്ഥിതി ഈ flood relief work-കളും ഏറെടുക്കുന്നതിന് ഗുണഭോക്തൃ കമ്മിറ്റികളും കൺവീനർമാരും തയ്യാറാകുന്നില്ല എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. മാരെല്ലാം റവന്യൂ മന്ത്രിയിൽനിന്നും വാങ്ങിപ്പോകുന്ന ഓർഡർ അനുസരിച്ച് വർക്ക് implement ചെയ്യാൻ സാധിക്കുന്നില്ല. പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ട്. ഈ കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. നാരായണൻ: സർ, എം.എൽ.എ. ഫണ്ടുപയോഗിച്ച് വർക്ക് ചെയ്യുമ്പോൾ ആ വർക്കിന് ടാക്സ് പിടിക്കില്ലെന്ന് ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. ഇപ്പോഴും അത് പിടിക്കുന്നുണ്ട് എന്നുള്ള കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, നിർമ്മിതികേന്ദ്രം മുഖേന നടപ്പിലാക്കുന്ന വർക്കുകളുടെ കാര്യത്തിൽ ഇപ്പോഴും വന്നിട്ടുള്ളത്, നിർമ്മിതികേന്ദ്രത്തിൽ നിന്നും നേരത്തെ ഈടാക്കിയിട്ടില്ലാത്ത നികുതി ഈ വാറ് വന്നതിനുശേഷം ഈടാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി എം.എൽ.എ. വർക്കുകൾ ഏറ്റെടുക്കാൻ സന്നദ്ധമല്ലെന്നുള്ള നിലപാട് പല ജില്ലകളിലും നിർമ്മിതി കേന്ദ്രങ്ങളെടുക്കുകയാണ് എന്നുള്ള കാര്യം ശ്രീ. കെ. ബാബുവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുംപെട്ടിട്ടുണ്ട്. അദ്ദേഹം മറുപടി പറയും. ഏതായാലും മറ്റൊരു കാര്യം നമ്മുടെ input tax credit ആണ്. മെഷിനറി വാങ്ങുമ്പോൾ വ്യവസായികൾക്ക് അതിന്റെ input tax credit benefit കൊടുക്കുന്നുണ്ട്. എന്നാൽ നമ്മുടെ കോൺട്രാക്ടർമാരായിട്ടുള്ള ആളുകളെല്ലാം ജെ.സി.ബി. പോലുള്ള കൂടുതൽ ആധുനികമായ മെഷിനറികൾ ഉപയോഗിച്ചാണ് വർക്കുകളെല്ലാം ചെയ്യുന്നത്. അതുപോലെ റോഡ് റോളർ ഇതെല്ലാം വാങ്ങുമ്പോൾ ഈ വ്യവസായ സംരംഭത്തിന് കൊണ്ടുവരുന്ന മെഷിനറിക്ക് കിട്ടുന്ന input tax credit കോൺട്രാക്ടർമാർക്ക് ലഭിക്കുന്നില്ല. അതും നമ്മുടെ നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതും പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ സംസ്ഥാനത്ത് എസ്.എസ്.ഐ. യൂണിറ്റുകൾക്ക് 4% മാത്രമേ ടാക്സ് ഉണ്ടായിരുന്നുള്ളൂ. ഇതൊരു ഉപഭോക്തൃ സംസ്ഥാനമെന്നുള്ള നിലയിൽ ഉൽപ്പാദനമേഖലയെ കൂടുതൽ സഹായിക്കുന്നതിന് ഇത് സഹായകരമായിരുന്നു. ഇപ്പോൾ ഈ വാറ് വന്നതിനുശേഷം അവർക്കുണ്ടായിരുന്ന കൺസെഷൻസ് അവർക്ക് കിട്ടുന്നതിൽ ബുദ്ധിമുട്ട് വന്നിട്ടുണ്ട്. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ ഈ എസ്.എസ്.ഐ. യൂണിറ്റുകൾക്കുണ്ടായിരുന്ന ആനുകൂല്യങ്ങളും ഒഴിവാക്കുന്നത് വളരെ പ്രതികൂലമായി ബാധിക്കും. ഇതോടൊപ്പംതന്നെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് അതുപോലെ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഉൽപ്പാദന യൂണിറ്റുകൾക്ക് വിറ്റുവരവിന് നിശ്ചയിച്ചിരുന്ന 25 ലക്ഷം രൂപയുടെ പരിധി ഇപ്പോൾ 50 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാലും ഈ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് കോംപീറ്റ് ചെയ്യാൻ പറ്റുന്നില്ല. ഇപ്പോൾ നമ്മുടെ മാർക്കറ്റുകളിൽ ചൈനീസ് ഉൽപ്പന്നങ്ങൾ ധാരാളമായി ലഭ്യമാകും. അതിന്റെ നിർമ്മാണ മേഖലയെക്കുറിച്ചൊക്കെ തർക്കമുണ്ട്. എന്നാലും വളരെ ചീപ്പായിട്ടുള്ള സാധനങ്ങൾ നമ്മുടെ മാർക്കറ്റിൽ ലഭ്യമാണ്. ഇതിനോടെല്ലാം മൽസരിക്കാൻ നമ്മുടെ സംസ്ഥാനത്തെ എസ്.എസ്.ഐ. യൂണിറ്റുകൾക്ക് സാധിക്കുന്നില്ല. അതുപോലെ ഖാദി വ്യവസായ യൂണിറ്റുകൾക്കും സാധിക്കുന്നില്ല. ഖാദി ഗ്രാമ വ്യവസായങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ഹാൻഡ് മെയ്ഡ് ഉൽപ്പന്നങ്ങൾക്കും, 50 ലക്ഷം രൂപ വരെ വിറ്റു വരവുള്ളതിന് ടാക്സിലെന്നുള്ള വ്യവസ്ഥ മന്ത്രിതന്നെ കൊണ്ടുവന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഖാദി ഉൽപ്പന്നങ്ങൾക്ക്, ഹാൻഡ് മെയ്ഡ് ഉൽപ്പന്നങ്ങൾക്ക് നികുതിയുണ്ടാവില്ലെന്നു പ്രഖ്യാപിച്ചെങ്കിലും ഫലത്തിൽ ഇപ്പോഴും നികുതി ഈടാക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന് അങ്ങേക്കറിയാമോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: ഹാൻഡ് മെയ്ഡ് ഉൽപ്പന്നങ്ങൾക്ക് നികുതി കുറയ്ക്കുന്നതിനെ സംബന്ധിച്ച് സംസാരിച്ചല്ലോ, എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമാണ് ഓട്ടു വ്യവസായം. നീലവിളക്ക് ഉണ്ടാക്കുന്ന ഓട്ടു വ്യവസായം ഒരു പരമ്പരാഗത വ്യവസായം കൂടിയാണ്. സാധാരണക്കാരായ കുറെ തൊഴിലാളികളെ നിയമിച്ചുകൊണ്ട്, ഹാൻഡ് മെയ്ഡായി ചെയ്യുന്ന ഒരു വ്യവസായമാണ് ഇത്. ഓട്ടുൽപ്പന്നങ്ങൾക്ക് നേരത്തെ ടാക്സില്ലായിരുന്നു. ഇപ്പോൾ ടാക്സ് കൊടുക്കേണ്ട സാഹചര്യം വന്നിരിക്കുന്നു. നമ്മുടെ നാടിന്റെ തനത് ഉൽപ്പന്നങ്ങളായ ഓട്ടു ഉൽപ്പന്നങ്ങളെ ടാക്സിൽനിന്നും ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഇതിനെല്ലാം മന്ത്രി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുകയാണ്, ഞാൻ മറുപടി പറയുന്നില്ല. മറ്റൊരുകാര്യം, നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കച്ചവടക്കാർ റിട്ടേൺ സമർപ്പിക്കുമ്പോഴും, അത് ഡിഫക്ടീവാണെന്ന് പറഞ്ഞ് സ്വീകരിക്കുന്നില്ല. അതുകൊണ്ട് കർശനമായി അത് സംബന്ധിച്ച നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് നൽകണം. സെക്കൻറ് ഹാൻറ് കാറിന്റെ കാര്യം, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഒരു കാര്യംകൂടി പറയട്ടെ, മഹാരാഷ്ട്രയിലും ഡൽഹിയിലും സെക്കൻറ് ഹാൻറ് കാറുകളുടെ വിൽപ്പനയ്ക്ക് ടാക്സിൽ ഇളവ് നൽകും. ഇവിടെ പുതിയ കാറുകളും ധാരാളം വിറ്റഴിക്കുന്നുണ്ട്. സെയിൽസ് ടാക്സും റോഡ് ടാക്സും എല്ലാം നമുക്ക് കിട്ടും. ഇവിടെ സെക്കൻറ് ഹാൻറ് കാറിന് നികുതിയിളവ് നൽകുന്ന കാര്യം പ്രായോഗികമായി പരിശോധിക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ: നമ്മുടെ സംസ്ഥാനത്ത് ഒറിജിനൽ ഗാർമെൻറ്സ് യൂണിറ്റുകൾക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങളൊക്കെ ഈ വാറ്റ് നടപ്പിലാക്കുന്നതോടുകൂടി നഷ്ടപ്പെട്ടിരിക്കും. റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റുകളും എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതലുള്ളത്. ആ സ്ഥാപനങ്ങൾ വലിയ പ്രതിസന്ധിയെ നേരിടുകയാണ്. അതുകൊണ്ട് ആ യൂണിറ്റുകളെ ഈ വാറ്റ് നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ കെ. ബാബു: അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. അതിന് മറുപടി പറയട്ടെ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനെ സംബന്ധിച്ച് 8 (എ) ഫോറത്തിൽ തയ്യാറാക്കിയ ഒറിജിനൽ ബിൽ ഹാജരാക്കിയാൽ മാത്രമേ ഈ വ്യവഹാരികൾക്ക് ഇൻപുട്ടിന് അർഹതയുള്ളൂ. ഈ നിയമത്തിന്റെ 11.ാം വകുപ്പിന്റെ സബ് സെക്ഷൻ 13 പ്രകാരം 1-4-2005-ലെ ഓപ്പണിംഗ് സ്റ്റോക്കിന് നൽകിയിട്ടുള്ള വിൽപ്പന നികുതി ഇൻപുട്ട് ടാക്സായി നൽകാം എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2004 ഏപ്രിൽ ഒന്നു മുതൽ 2005 മാർച്ച് 31 വരെ വാങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റാക്കിനുമാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നുള്ളൂ. 1.4.2004-ന് മുമ്പ് സംസ്ഥാനത്തിനകത്തുനിന്നും വാങ്ങിയ സാധനങ്ങൾ സ്റ്റേറ്റാക്കുണ്ടെങ്കിൽ, ആ സ്റ്റേറ്റാക്കിന് ഇരട്ടി നികുതി നൽകേണ്ടി വരും. ഇത് ഈ വാറ്റിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാണ് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ നിബന്ധന പിൻവലിക്കാൻ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷകളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. രജിസ്ട്രേഷനെ സംബന്ധിച്ച് ചില പ്രശ്നങ്ങളുണ്ട്. വാറ്റ് വന്നതിനുശേഷം രജിസ്ട്രേഷൻ എടുക്കുന്നുണ്ടായിരുന്നില്ല, അതിന് കുറച്ചുകൂടി വ്യക്തതയുണ്ടാക്കണം എന്നു പറഞ്ഞിരിക്കുകയാണ്. ഇപ്പോൾ രജിസ്ട്രേഷൻ എടുക്കുന്നുണ്ട്. എന്നാൽ വാറ്റിന്റെ കീഴിൽ രജിസ്ട്രേഷൻ എടുക്കുന്നതിന് ഓരോ ഉദ്യോഗസ്ഥരും അനാവശ്യമായ പല നിബന്ധനകളും ഇപ്പോൾ മുന്നോട്ടുവയ്ക്കുകയാണ്. ഇതിന് രജിസ്ട്രേഷൻ എടുക്കുക എന്നു പറഞ്ഞാൽ ഗവൺമെന്റിന്റെ ടാക്സ് ഹെഡ്ഡിൽ വരിക എന്നുള്ളതാണ്. അതുകൊണ്ട് രജിസ്ട്രേഷനുവേണ്ടി വരുന്ന ആളുകളെ ബുദ്ധിമുട്ടിപ്പിക്കാതെ രജിസ്ട്രേഷൻ കൊടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ അങ്ങ് മറുപടി പറഞ്ഞപ്പോൾ പ്രമേഹ രോഗത്തിന് കുത്തിവയ്ക്കുന്ന ഇൻസുലിന്റെ കാര്യം പറഞ്ഞു. ഇത് നോട്ടിഫിക്കേഷൻ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ്. വാറ്റ് നടപ്പിൽ വന്നതിനുശേഷം നമ്മുടെ നിയമത്തിലും ചട്ടത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ, ജൂൺ മാസത്തിൽത്തന്നെ അങ്ങ് ഒരു പ്രസ്താവനയിലൂടെ ചില മാറ്റങ്ങൾ വരുത്താൻ പോകുന്നു എന്നു പറയുകയുണ്ടായി. റൊട്ടിയുടെയും ഉപ്പിന്റെയും കാര്യം പറയുകയുണ്ടായി. എന്നാൽ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പ്രഷർ കുക്കർ, പ്രൊയിംഗ് പാൻ തുടങ്ങിയ പല സാധനങ്ങൾക്കും 4 ശതമാനമായി നികുതി കുറച്ചതും ഇപ്പോൾ ലഭിക്കുന്നില്ല. ആളുകൾക്ക് അത് പാസ്സ് ഓൺ ചെയ്യുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ഇതിനെല്ലാം നാലു ശതമാനമാണ് നികുതി. ഇവിടെ അത് കൂടുതലുണ്ട്. ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പത്ത് ഐറ്റമാണ്. എംപവേർഡ് കമ്മിറ്റി യുക്തമായി തീരുമാനിക്കാൻ തന്നിട്ടുള്ളത് അതിൽ വരാത്തതായിരിക്കും. അതുപോലെ സർജിക്കൽ ഉപകരണങ്ങൾ, ബി. പി. പരിശോധിക്കുന്ന ഉപകരണങ്ങൾ, ഇ.സി.ജി., മോണിറ്റേഴ്സ്, എക്സ്റേ മെഷീൻ, എച്ച്.ഐ.വി. കണ്ടുപിടിക്കുന്നതിനുള്ള ഉപകരണങ്ങൾ, കിഡ്നി സംബന്ധമായ അസുഖങ്ങളുള്ള രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, ഇതിനെല്ലാം 12.5 ശതമാനമാണ് ടാക്സ്. കർണ്ണാടകത്തിലും തമിഴ്നാട്ടിലുമെല്ലാം ഇത് മൂന്നാം ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് കേരളത്തിൽകൂടി ഇതേ നിരക്കിലേക്ക് കൊണ്ടുവരുന്നത്, മൂന്നാം ഷെഡ്യൂളിലേക്ക് കൊണ്ടുവരുന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: വാറ്റ് രജിസ്ട്രേഷനുവേണ്ടി വ്യാപാരികൾ അപേക്ഷിക്കുകയും, ആ അപേക്ഷ മാസങ്ങളോളം വാറ്റ് അധികൃതരുടെ മുമ്പിൽ പെൻഡിംഗിൽ കിടക്കുകയും, അതേ സമയംതന്നെ അതു അനുവദിച്ചു കൊടുക്കാതെ, ഈ കാലയളവിനുള്ളിൽതന്നെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരടങ്ങുന്ന സ്ക്വാഡുകൾ ഈ വാറ്റ് രജിസ്ട്രേഷൻ ഇല്ലാത്തത് പിടികൂടുകയും ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത്. അവസാനമായി എനിക്ക് പറയാനുള്ളത്, ഗവൺമെന്റ് ഉദ്ദേശിക്കുന്നതുപോലെ വാറ്റ് വന്നതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കണം. അതിന് തടസ്സം നിൽക്കുന്നത് ആരായാലും അതിനെ കർശനമായി ഗവൺമെന്റ് നേരിടണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ വ്യാപാരി സമൂഹത്തിൽ ഈ വാറ്റ് വന്നതിനുശേഷം ചില പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഏതു നിയമം ഉണ്ടാകുമ്പോഴും അതുണ്ടാകും. കർശനമായ നടപടികൾ തൽക്കാലം എടുക്കില്ല എന്നു പറയുകയുണ്ടായി. പക്ഷേ ഫലത്തിൽ പല ഉദ്യോഗസ്ഥരും ഈ കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനമല്ല, അങ്ങ് പ്രഖ്യാപിച്ച നിലപാടല്ല സ്വീകരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഉപഭോക്താക്കളെ സഹായിക്കുന്നതോടൊപ്പം തന്നെ വ്യാപാരികൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾകൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ ദേഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറുമെൻറ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ദേഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചു, ഈ ബിൽ വന്നതിനു ശേഷം കേരളത്തിലെ നികുതി ഘടനയിൽ വലിയ സുതാര്യത വന്നു. കച്ചവടക്കാർക്ക് കണക്കുകൾ സമർപ്പിക്കാൻ കഴിയുന്നുണ്ട് എന്ന്. ആ ഒരു സാഹചര്യത്തിൽ പുതിയ സൗകര്യങ്ങൾ കൂടികൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ് ഈ അമെൻറുമെൻറ് ബിൽ കൊണ്ടുവന്നത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. സൂക്ഷ്മമായി ഒരു പഠനം നടത്തിയതിനുശേഷമാണ് പഴുതുകളില്ലാത്ത നികുതി സംവിധാനമെന്ന ലക്ഷ്യത്തോടുകൂടി ''വാറ്റ്'' കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. നമ്മുടെ രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലെ അനുഭവം എന്താണെന്ന് എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല. പക്ഷേ അതിൽ പഴുതുകൾ ഇല്ലാത്ത നികുതി സംവിധാനമെന്നുള്ളതു മാറി, എല്ലാ പഴുതുകളും ഉള്ള നികുതി സംവിധാനമെന്ന നിലയിലേക്ക് കേരളത്തിലെ വാറ്റ് മാറിയിരിക്കുന്നു എന്നാണ് എന്റെ ഒരു അഭിപ്രായം. വാറ്റ് നടപ്പിൽ ആക്കിയതിനുശേഷം കേരളത്തിലെ നികുതി വരുമാനം കുറഞ്ഞോ കൂടിയോ? നികുതി വരുമാനം കുറഞ്ഞുപോയാൽ കേന്ദ്ര ഗവൺമെന്റ് ആവശ്യമായിട്ടുള്ള സഹായം നൽകുമെന്നാണ് ഇതുമായി ബന്ധപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്. കേരളത്തിലെ കഴിഞ്ഞ രണ്ടു മാസത്തെ അനുഭവമെന്താണ്? കേരളത്തിൽ നികുതി കുറഞ്ഞോ കൂടിയോ? കേന്ദ്ര ഗവൺമെന്റിൽ നിന്നും വല്ല ആനുകൂല്യങ്ങളും കിട്ടിയോ? അതിനാവശ്യമായ വല്ല നടപടിയും സ്വീകരിക്കുന്നുണ്ടോ? ഇവിടെ വാറ്റു നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റവും ശക്തമായ രൂപത്തിൽ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നത് നിത്യോപയോഗ സാധനങ്ങൾക്ക് വലിയ തോതിൽ വില കുറയുമെന്നാണ്. പക്ഷേ ഇതു നടപ്പിലാക്കിയപ്പോൾ ഒരു സാധനത്തിനും വില കുറഞ്ഞില്ല. കേരളത്തിലെ കച്ചവടക്കാരാണെങ്കിൽ തന്ത്രപരമായി സമരരംഗത്തു വരികയും ഉപഭോക്താക്കളെ ഏറ്റവും മനോഹരമായ രൂപത്തിൽ കബളിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചത്. 8.5 ശതമാനം നികുതിയുള്ള ഒരു സാധനത്തിന് വാറ്റ് വന്നപ്പോൾ 4 ശതമാനമായി കുറഞ്ഞു. യഥാർത്ഥത്തിൽ 4.5 ശതമാനമായി നികുതി കുറയേണ്ടതാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടക്കാർ എന്താണ് ചെയ്തത്? 8.5 ശതമാനം നികുതിയുള്ള സ്ഥാനത്ത് വിറ്റിരുന്ന അതേ വിലയ്ക്ക് അതിന്റെ കൂടെ നാലു ശതമാനം കൂടി കൂട്ടി അമിത വിലയ്ക്ക് സാധനങ്ങൾ കൊടുക്കുന്ന ഒരു സമീപനമാണ് കേരളത്തിലെ കച്ചവടക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് യാതൊരു പ്രതികരണവും സർക്കാരിന്റെ ഭാഗത്തു നിന്നും വന്നിട്ടില്ല, നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വന്നിട്ടില്ല.

ശ്രീ. രാജു എബ്രഹാം: വാറ്റ് നിയമം വന്നാൽ വില കുറയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നത്. എന്റെ മണ്ഡലത്തിൽ ഒരു ഹയർ സെക്കൻഡറി സ്കൂളുണ്ട്. അവിടെ പി. ടി. എ. ഒരു ബസ് വാങ്ങാൻ ഓർഡർ കൊടുത്തു. ഓർഡർ കൊടുത്തത് വാറ്റ് നിയമം വരുന്നതിന് മുൻപാണ്. ഇപ്പോൾ വാറ്റ് നിയമം നടപ്പിലാക്കിയതിനുശേഷം ബസിന്റെ ഷേസിസിന് 75,000 രൂപ വില കൂടി, ബോഡി ബിൽഡിംഗിന് 25,000 രൂപ കൂടി. അങ്ങനെ ഒരു ലക്ഷം രൂപ കൂടിയിരിക്കുകയാണ്. പി. ടി. എ.-ക്കാർ ഇത് അടച്ചെങ്കിൽ മാത്രമേ അവർക്ക് വണ്ടി കിട്ടുകയുള്ളൂ. ഇപ്പോൾ വണ്ടി വേണ്ടെന്ന സ്ഥിതിയിലാണ് അവർ എത്തിയിരിക്കുന്നത്. ഇത്തരം വലിയ തട്ടിപ്പുകൾ വാറ്റ് നിയമത്തിന്റെ പുറകിലുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ഞാനും ആ രൂപത്തിലുള്ള ഒരു ഉദാഹരണമാണ് ചൂണ്ടിക്കാണിച്ചത്. ഇതിലൊക്കെ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാരും ബഹുമാനപ്പെട്ട മന്ത്രിയും ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം. എന്നാൽ ഇതിനൊന്നും ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വാറ്റ് നിയമം വന്നപ്പോൾ 20 ശതമാനവും 18 ശതമാനവും 17 ശതമാനവും 14 ശതമാനവും നികുതി ഈടാക്കിക്കൊണ്ടിരുന്ന സാധനങ്ങൾക്ക് യഥാക്രമം 12.5 ശതമാനം, 8 ശതമാനം, 4 ശതമാനം, 0 ശതമാനം എന്ന നിലയിൽ നികുതി കുറച്ചു. എന്നാൽ നികുതി കുറച്ചിട്ടും സാധനങ്ങളുടെ വില കുറഞ്ഞിട്ടില്ല. കേരളത്തിലെ സാമ്പത്തിക കാര്യങ്ങൾ വിശകലനം ചെയ്യുന്ന എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പറഞ്ഞിരിക്കുന്നത് കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുറഞ്ഞിട്ടില്ലെന്നാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽ നികുതി ഏർപ്പെടുത്തിയിരിക്കുന്നത് 24 ശതമാനമാണ്. വാറ്റ് വന്നാൽ അത് 20 ശതമാനമാകണം. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ഐക്യപുരോഗമന സഖ്യത്തിന്റെ ഗവൺമെന്റ് നാല് തവണ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. നമ്മൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 20 ശതമാനം നികുതിയാണ് ഈടാക്കേണ്ടത്. ഇപ്പോൾ 24 ശതമാനം നികുതിയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. നാല് ശതമാനം നികുതി കുറയ്ക്കാൻ ഇതുവരേയും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നാല് ശതമാനം നികുതി കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി വാറ്റ് ബിൽ വരുമ്പോൾ സംസാരിക്കുമെന്ന് പറഞ്ഞതുകൊണ്ട് പറയുകയാണ്. മരുന്നുകളുടെ കാര്യത്തിൽ, അദ്ദേഹം ഇൻസുലിന്റെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞു. യഥാർത്ഥത്തിൽ മരുന്നിന് കേരളത്തിൽ വാറ്റ് നടപ്പിലാക്കിയിട്ടില്ലെന്നുള്ളതാണ് സത്യം. വാറ്റ് നിയമം നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിൽ സ്വീകരിക്കാത്ത രീതിയിലുള്ള ഒരു നടപടിക്രമമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. വാറ്റ് എന്ന പേരും അത് അല്ലാത്ത നയവുമാണ് ഇവിടെ എന്നുള്ളതാണ് സത്യം. ഇപ്പോൾ കമ്പനി മാക്സിമം റീട്ടെയിൽ പ്രൈസ് ഇട്ടശേഷം വാറ്റ് അനുസരിച്ചുള്ള ടാക്സ് ഈടാക്കിയിരിക്കുകയാണ്. ഇവിടെ വരുന്ന കുഴപ്പം മുൻപ് റീട്ടെയിൽ കടയിൽ നിന്ന് മരുന്ന് വാങ്ങുമ്പോൾ എം. ആർ. പി. വിലയിട്ടിട്ടുണ്ടെങ്കിലും അതിലും കുറഞ്ഞ വിലയ്ക്കാണ് മരുന്ന് കിട്ടിക്കൊണ്ടിരുന്നത്. ഞാൻ തന്നെ ഒരു കടയിൽപ്പോയി മരുന്നു വാങ്ങിച്ചു. അപ്പോൾ ഹോൾസെയിൽ കടയിലേയും റീട്ടെയിൽ കടയിലേയും വില തമ്മിലുള്ള വ്യത്യാസം എനിക്ക് മനസ്സിലായതാണ്. ഒരു capsule 12 രൂപയ്ക്ക് ഹോൾസെയിൽ കടയിൽ നിന്നും ലഭിച്ചു. അതേ മരുന്നു തന്നെ റീട്ടെയിൽ കടയിൽ നിന്ന് വാങ്ങിച്ചപ്പോൾ അതിന് 36 രൂപയായി. ഞാൻ ബിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ആ നിലയിൽ ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പാക്കാത്ത വാറ്റ് സിസ്റ്റം കേരളത്തിൽ നടപ്പിലാക്കി ജനങ്ങളെ ഉപദ്രവിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ആ നയത്തിൽ നിന്നും ബഹുമാനപ്പെട്ട മന്ത്രി പിൻമാറുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. ചെന്താമരാക്ഷൻ: ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞ കാര്യങ്ങളോട് എനിക്ക് യോജിപ്പാണുള്ളത്. അതുപോലെ സുഗന്ധദ്രവ്യങ്ങൾക്കും സൗന്ദര്യ വർദ്ധക വസ്തുക്കൾക്കും കേരളത്തിൽ 25 ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നതാണ്. അതിപ്പോൾ 12.5 ശതമാനമാക്കി കുറച്ചു. അതുപോലെ സോപ്പ്, പൗഡർ, പേസ്റ്റ് തുടങ്ങിയ സാധനങ്ങൾക്ക് 25 ശതമാനം നികുതിയാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 12.5 ശതമാനമാക്കി കുറച്ചിട്ടുണ്ടെങ്കിലും ഒന്നിനും വില കുറഞ്ഞിട്ടില്ല. അരി, ഗോതമ്പ് തുടങ്ങിയ സാധനങ്ങൾക്ക് അധിക വിൽപ്പനനികുതി ഉണ്ടായിരുന്നത് പിൻവലിച്ചു. എന്നിട്ടും അതിന്റെ വില കുറയുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യങ്ങളുടെ മുന്നിൽ ഗവൺമെന്റിന് എന്താണ് പറയാനുള്ളതെന്നതിനെക്കുറിച്ച് അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: ഇവിടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ കാര്യം പറഞ്ഞു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു ലിറ്റർ ഡീസലിന് 32 രൂപ 45 പൈസയാണ്. പല സംസ്ഥാനങ്ങളും ആ സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട നികുതി കുറച്ചതിന്റെ ഭാഗമായി പെട്രോളിനും ഡീസലിനും വില കുറവാണ്. ഇവിടെയാണെങ്കിൽ വല്ലാത്ത രൂപത്തിൽ വില കൂടിക്കൊണ്ടിരിക്കുകയാണ്. വാറ്റ് നിയമം വന്നപ്പോൾ അതിന്റെ ഒരു വർദ്ധനവും വന്നിട്ടുണ്ട്. അപ്പോൾ സംസ്ഥാന ഗവൺമെന്റിന് കിട്ടേണ്ട നികുതി കുറച്ചു കഴിഞ്ഞാൽ കേരളത്തിൽ പെട്രോളിനും ഡീസലിനും വിലകുറയും എന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ചെന്താമരാക്ഷൻ: ഞാൻ അതുതന്നെയാണ് നേരത്തെപറഞ്ഞത്. വാറ്റ് നിയമം വന്നതിനുശേഷം മരിച്ചീനിക്ക് നികുതിയേർപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ മരിച്ചീനിക്ക് 12.5 ശതമാനം നികുതികൊടുക്കേണ്ട ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇഞ്ചി, മഞ്ഞൾ ഇതിന് നികുതി ഈടാക്കുന്നില്ല. മരച്ചീനിക്ക് 12.5 ശതമാനം നികുതി ഈടാക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു പരാതി കൊടുത്തപ്പോൾ അനുഭാവപൂർവമായി നികുതിയിൽ നിന്ന് ഒഴിവാക്കാമെന്ന് പറഞ്ഞിരുന്നതാണ്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതിന് ഇതുവരേയും ഒരു തീരുമാനമുണ്ടായില്ല. ഇഞ്ചിക്കും മഞ്ഞളിനും നികുതിയില്ല, അതുപോലെ മരച്ചീനിയെക്കൂടി നികുതിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. മിഠായികളുടെ കാര്യംപറയുകയാണെങ്കിൽ വിദേശ കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന മിഠായികളും വരെ ഇന്ന് കേരളത്തിൽ വരുന്നുണ്ട്. അവയ്ക്ക് 13.8 ശതമാനം നികുതിയുണ്ടായിരുന്നത് ഇപ്പോൾ 8.5 ശതമാനമായി കുറച്ചു. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന മിഠായിക്ക് 8.8 ശതമാനമായിരുന്നു നികുതി. വാറ്റ് വന്നപ്പോൾ അത് 12.5 ശതമാനമായി. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന്, അല്ലെങ്കിൽ അത് ഉൽപ്പാദിപ്പിക്കുന്ന ആളുകൾക്ക് സാമ്പത്തികമായി നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ കഴിഞ്ഞ ദിവസം കേരളത്തിലെ വിമുക്തഭടൻമാരുടെ കാര്യത്തെക്കുറിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചതാണ്. കേരളത്തിൽ മൂന്നര ലക്ഷത്തോളം വരുന്ന വിമുക്തഭടൻമാരുണ്ട്. അവർ മദ്യവും കാറും മാത്രമല്ല ഉപയോഗിക്കുന്നത് വേറെയും ഒരുപാട് സാധനങ്ങളും ഉപയോഗിക്കുന്നുണ്ട്. അന്ന് മന്ത്രി പറഞ്ഞത് ഇത് തെറ്റായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു എന്നാണ്. അത് നിഷേധിക്കുന്നില്ല. അങ്ങനെ ദുരുപയോഗം ചെയ്യുന്നെങ്കിൽ അത് തടയുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. കിട്ടിക്കൊണ്ടിരിക്കുന്ന, പ്രത്യേകിച്ച് പട്ടാളക്കാരായിട്ടുള്ള ആളുകൾക്ക് കിട്ടിക്കൊണ്ടിരുന്ന, രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി പടപൊരുതിയ ആളുകളെന്നനിലയിൽ അവർക്ക് കിട്ടിക്കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഒരേതരം ഉൽപ്പന്നങ്ങൾക്ക് വ്യത്യസ്തമായ നികുതി ഈടാക്കുന്നുണ്ട്. ഉദാഹരണത്തിന് ചെരുപ്പിന്റെ കാര്യം തന്നെയെടുക്കാം. ഒരുതരം ചെരുപ്പുകൾക്ക് 4 ശതമാനം നികുതി ചില പ്രത്യേകതരം ചെരുപ്പുകൾക്ക് 12.5 ശതമാനം നികുതി. ഇത് കച്ചവടക്കാർക്കും വാങ്ങുന്ന ആളുകൾക്കും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. മൽസ്യബന്ധന വലയുടെ കാര്യം. നൈലോൺ വലയ്ക്ക് 4 ശതമാനം നികുതിയും അല്ലാത്തതിന് 12.5 ശതമാനം നികുതിയും ഈടാക്കുന്നുണ്ട്. ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനേക്കാളൊക്കെ രസകരമായ ഒരു കാര്യമെന്നു പറയുന്നത് ലിസ്റ്റ് ചെയ്യാത്ത എല്ലാ സാധനങ്ങൾക്കും 12.5 ശതമാനം നികുതി. ഉണ്ണിയപ്പത്തിന് 12.5 ശതമാനം നികുതിയാണ്. ഉണ്ണിയപ്പത്തിന് നികുതി കൊടുക്കേണ്ടതായ ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം. ഇത്തരം കാര്യങ്ങളിൽ പരാതിയുമായി ചെല്ലുമ്പോൾ നികുതി വകുപ്പുദ്യോഗസ്ഥൻമാർ കൈമലർത്തുകയാണ്. അവർ പറയുന്നത് ഉപഭോക്തൃ സംഘടനകളെ സമീപിച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. പിന്നെ എന്തിനാണ് നികുതി വകുപ്പ് ഉദ്യോഗസ്ഥൻമാർ. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങളും ഗൗരവതരമായി കണക്കിലെടുത്ത് ജനങ്ങൾക്ക് സഹായകരമായ ഒരു സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: എന്റെ ഒരു അമെൻഡ്മെന്റുണ്ട്.....

മി. ചെയർമാൻ: അങ്ങയുടെ ഒരു അമെൻഡ്മെന്റുണ്ട്. സഭയുടെ convention അനുസരിച്ച് സാധാരണ ഗതിയിൽ രണ്ടുപേരാണ് സംസാരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാര്യമുള്ളത്: അത് അങ്ങേക്ക് മറ്റാരേക്കാളും അറിയാവുന്നതാണ്. 44-ാം വയസ്സായിട്ടാണ് അങ്ങയുടെ അമെൻറ്മെൻറ് വന്നിരിക്കുന്നത്. അത് പെർമിറ്റ് ചെയ്യാറില്ല. കക്ഷിനേതാവെന്ന നിലയിൽ അങ്ങേക്ക് പറയാനുള്ള കാര്യങ്ങളും മൂന്നാം വായനയിൽ പറയാൻ കഴിയുമല്ലോ. സാധാരണ അങ്ങനെയൊരു convention ഇല്ലാത്തതുകൊണ്ടാണ്... .....

ശ്രീ. ടി. എം. ജേക്കബ്: എനിക്ക് ചെറിയ രണ്ടു കാര്യങ്ങളാണ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വാറ്റിന്റെ അമെൻറ്മെൻറ് ബില്ലിൽ ഭേദഗതിയുണ്ട്. അതിൽ ചിലതെല്ലാം മന്ത്രി ആമുഖമായി പറഞ്ഞു. ഞാൻ ഇപ്പോൾ അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ഇതിനകത്ത് ചില കറക്ഷൻസ് ഉണ്ട്. ചിലതിൽ മറ്റുചില കാര്യങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. ചിലതൊക്കെ നമ്മൾ പൂർണ്ണമായും പരിഗണിക്കാതെ പോയിരിക്കുന്നു. അതൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ പറഞ്ഞതാണ്. പക്ഷെ ഇത് മിനിസ്റ്റർക്കുമാത്രം ഗവൺമെൻറ് സൈഡിൽ നിന്നുമാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അല്ലാതെ മെമ്പേഴ്സിനു അമെൻറ്മെൻറ് കൊണ്ടു വരാനേ സാധിക്കുകയുള്ളൂ. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിൽ ഒരു കാര്യം അത്യാവശ്യമായിട്ട് ഇൻകോർപ്പറേറ്റ് ചെയ്യേണ്ടതായിരുന്നു. ഷെഡ്യൂൾ 1-നകത്ത് ഓർഗാനിക് മാനുവർ 31-ാമത്തെ ഐറ്റം ആയിട്ട് ഫസ്റ്റ് ഷെഡ്യൂളിൽ ചേർത്തിട്ടുണ്ട്. അതേസമയം ബയോഫെർട്ടിലൈസേഴ്സ് ഇൻക്ലൂഡ് ചെയ്തിട്ടില്ല. അത് ഇൻക്ലൂഡ് ചെയ്യാതിരിക്കുന്നതുകൊണ്ട് അവർ 12.5 ശതമാനം ടാക്സ് കൊടുക്കേണ്ടിവരുന്നു, ഞാൻ പറഞ്ഞത് ബയോഫെർട്ടിലൈസേഴ്സ് ഷെഡ്യൂൾ 1-ൽ പെടുത്തിയാൽ മാത്രമേ ഇത് exempt ചെയ്തുകൊടുക്കാൻ പറ്റുകയുള്ളൂ. ഓർഗാനിക് ഫാമിംഗ് ലോകവ്യാപകമായി അംഗീകരിച്ചുവരികയാണ്. അതിനെ ഞങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിനു ആർക്കും എതിർപ്പില്ല. അത് പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ നമുക്ക് വലിയ ക്ഷീണം സംഭവിക്കും. ഇത്രയും ഭേദഗതികളും ഈ നിയമത്തിൽ പ്രൊപ്പോസ് ചെയ്തു വന്നപ്പോൾ അതിന്റെ ഫസ്റ്റ് ഷെഡ്യൂളിൽ ഇതുകൂടി വരേണ്ടതായിരുന്നു. അതു കൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഔദ്യോഗികമായി തന്നെ അങ്ങയുടെ ഭാഗത്തുനിന്നും ഇനിഷ്യേറ്റീവ് എടുക്കണം. ഷെഡ്യൂൾ 1 ഐറ്റം നമ്പർ 31-ൽ ഇതുകൂടി ഉൾപ്പെടുത്തിയാൽ മതി. അങ്ങനെവന്നാൽ നമുക്ക് ഇത് എൻകറേജ് ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ ബയോഫെർട്ടിലൈസേഴ്സിനു 12.5 ശതമാനം ടാക്സ് കൊടുക്കേണ്ടി വരും. ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഇത് കൊണ്ടുവന്നാൽ മാത്രമേ നിയമസഭയിൽ ഇത് ചർച്ചയ്ക്ക് വരുമ്പോൾ പ്രയോജനകരമാക്കാൻ കഴിയുകയുള്ളൂ. ഒറിജിനൽ ആക്ടിൽ സെക്ഷൻ 20-ന്റെ ഭേദഗതി വരുകയാണ്. വിപുലമായിട്ട് ഒരുപാട് കാര്യങ്ങളും പറയാനുണ്ട്. മിനിസ്റ്റർ തന്നെ ആമുഖമായി പറഞ്ഞപ്പോൾ ഏതാനും കാര്യങ്ങൾ പറഞ്ഞ് അദ്ദേഹം നിർത്തി. ഇവിടെ ചർച്ചയിൽ പങ്കെടുത്ത രണ്ടു മെമ്പർമാരും അതിന്റെ ഉള്ളടക്കത്തിലേക്ക് വന്നിട്ടില്ല. ഏതായാലും സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോൾ ഞങ്ങൾ അത് ഡീറ്റെയിലായിട്ട് ഡിസ്കസ് ചെയ്തുകൊള്ളാം. പക്ഷെ ഗവൺമെൻറ് ഭാഗത്തുനിന്നും ഇത് ഓപ്പൺ ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ മറുപടി പറയുകയും അതിൽ എന്താണ് ചെയ്യേണ്ടത് എന്ന് പരിശോധിച്ച് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുകയും ചെയ്യണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പുതുതായി കൊണ്ടുവന്ന ഒരു നിയമം ആയതുകൊണ്ടാണ് പല തവണ ഇതിനെ അമെൻഡ്മെന്റ് കൊണ്ടുവരാൻ ഇടയായത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇത് പൂർണ്ണമല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് സംബന്ധിച്ച് മാറ്റങ്ങൾ വരുത്തുന്നുണ്ട്, പക്ഷേ എല്ലാം നമ്മുടെ ഇഷ്ടം പോലെ മാറ്റാൻ കഴിയില്ല. എംപവേർഡ് കമ്മിറ്റിയാണ് ഇതിൽ അന്തിമ തീരുമാനം എടുക്കുന്നത്. ഇന്ത്യ ഒട്ടുക്ക് ഒരു നികുതി യായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ കാര്യങ്ങളും എംപവേർഡ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 10 ഐറ്റംസിന്റെ കാര്യത്തിൽ തീരുമാനം എടുക്കാനുള്ള അവകാശം സംസ്ഥാനത്തിന് വിട്ടുതന്നിട്ടുണ്ട്. സ്റ്റേറ്റിന്റെ പ്രത്യേകത അനുസരിച്ച് നികുതി ഒഴിവാക്കാവുന്ന കാര്യങ്ങൾക്ക് ഒഴിവാക്കിയിട്ടുണ്ട്. അതല്ലാതെ എല്ലാം വാറ്റിന്റെ പരിധിയിൽ വരുന്നതല്ല. ഇവിടെ പെട്രോളിയത്തിന്റെ കാര്യം പറഞ്ഞു. പെട്രോളിയം വാറ്റിൽ വരുന്നതല്ല. അതുപോലെ 24 ശതമാനമായിരുന്ന ചിലതെല്ലാം പന്ത്രണ്ടര ശതമാനമാക്കി എന്ന് പറഞ്ഞു. ഇപ്പോഴും വാറ്റിന് പന്ത്രണ്ടര ശതമാനമേയുള്ളൂ. അതിൽ കൂടുതലില്ല. ഡ്രിങ്ക്സ്, ആൽക്കഹോളം, പെട്രോളിയം ഉൽപ്പന്നങ്ങളും ഇവയ്ക്കെല്ലാം സ്റ്റേറ്റിന് ഇഷ്ടംപോലെ നികുതി നിശ്ചയിക്കാൻ കഴിയും. പക്ഷേ വാറ്റിന്റെ പരിധിയിൽ വരുന്നത് കേന്ദ്ര

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എംപവേർഡ് കമ്മിറ്റി തീരുമാനിക്കുന്നതനുസരിച്ച് ചെയ്യണം. കോംപൻസേഷൻ കിട്ടും എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിൽ എത്തിയാൽപ്പോലും അത് ശാശ്വതമല്ല. നികുതി കൂട്ടിയിട്ടില്ല. വളരെ ചുരുക്കം ചില ഐറ്റങ്ങൾക്ക് മാത്രമാണ് നികുതി കൂട്ടിയിട്ടുള്ളത്. അങ്ങനെ ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. പിന്നെ വിലക്കുറവിന്റെ കാര്യത്തെക്കുറിച്ച് ഞാൻതന്നെ മുൻകൈയെടുത്ത് എംപവേർഡ് കമ്മിറ്റിയിൽ പറഞ്ഞിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളും വാറ്റിൽ വരുന്നതല്ല. ചുരുങ്ങിയ ചില ഐറ്റംസ് ഒഴികെ മറ്റെല്ലാത്തിനും വില കുറഞ്ഞു എന്നത് വസ്തുതയാണ്. ചില കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കുറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ മാത്രമേ വില നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റിനു അതിൽ അധികാരമില്ല. നേരത്തെ ഉണ്ടായിരുന്ന അധികാരങ്ങളൊക്കെ എടുത്തുകളഞ്ഞിരിക്കുകയാണ്. കണ്സ്യൂമർ പ്രൊട്ടക്ഷൻ ആക്ടും, എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടും ഇപ്പോഴും ഇല്ല. അതിന്റെയൊക്കെ സഹായത്തോടുകൂടിയാണ് വില നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നത്. ഫ്രീ മാർക്കറ്റ് എന്നുള്ള പ്രിൻസിപ്പൽ വന്നപ്പോഴും അതിലുള്ള അധികാരങ്ങളും എല്ലാം എടുത്തുകളഞ്ഞു. അതുകൊണ്ട് വില കുറയ്ക്കേണ്ട കാര്യങ്ങൾക്ക് വില കുറയ്ക്കുന്നതിന് കർശനമായ നടപടി സ്വീകരിക്കുന്നതിന് വേണ്ടുന്ന നിയമസഹായം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതല്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്തെങ്കിലും നിർദ്ദേശം പറഞ്ഞാൽ ഞാൻ ചെയ്യാൻ തയ്യാറാണ്. കുറച്ച് നിബന്ധനയുണ്ട്. മരുന്നിന്റെ വില കുറഞ്ഞു എങ്കിലും, എല്ലാ മരുന്നിനും വില കുറഞ്ഞിട്ടില്ല. റെഡിമെയ്ഡ് വസ്ത്രങ്ങൾ, പി. വി. സി. പൈപ്പ്, ചില ഗൃഹോപകരണങ്ങൾ, കാലിത്തീറ്റ തുടങ്ങിയ ചില ഐറ്റങ്ങൾക്ക് വില കുറഞ്ഞു. ചില ഐറ്റങ്ങൾക്ക് കൂടുതൽ വില ഈടാക്കുന്നുണ്ട്. ആ പ്രശ്നം ഗവൺമെന്റിനു നല്ലതുപോലെ അറിയാം. ഗവൺമെന്റ് തീർച്ചയായും അതിനുള്ള നടപടികളും

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നും നടത്തും. ഇപ്പോഴുള്ള അധികാരങ്ങളുടെ കുറവുകൊണ്ട് ആദ്യം ഉദ്ദേശിക്കുന്നത് ചിലരെ വിളിച്ച് സംസാരിക്കണം എന്നുള്ളതാണ്. അതിനായി രണ്ടാഴ്ചയ്ക്കകം അഡ്വൈസറി കമ്മിറ്റി വിളിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അവിടെയുള്ള ഉൽപ്പാദകരും മറ്റു പ്രതിനിധികളും ഉണ്ട്. അസോസിയേഷനിലെ മിക്കവാറും അംഗങ്ങളും അതിൽ അംഗങ്ങളാണ്. അവർകൂടി അതിന് സഹായിക്കും. ഇന്നയിന്ന സാധനങ്ങളുടെ വില കുറയ്ക്കണമെന്ന് അസോസിയേഷനോട് ആവശ്യപ്പെടും. ആ രീതിയിലുള്ള നടപടികളും ഗവൺമെന്റ് ചെയ്യും. ശ്രീ. ചെന്താമരാക്ഷൻ സൂചിപ്പിച്ചതുപോലെ മരച്ചീനിക്ക് നികുതി ഒഴിവാക്കി. ഉണക്ക മരച്ചീനിയും നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഷെഡ്യൂൾ ഓപ്പൺ ചെയ്യണം. അതാണ് പ്രശ്നം. ഇതിനകത്ത് ബയോഫെർട്ടിലൈസേഴ്സിനെ (4 ശതമാനത്തിൽ) ഉൾപ്പെടുത്തണ്ടേ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്യാം. ഫെർട്ടിലൈസേഴ്സിനു ഇപ്പോഴത്തെ 4 ശതമാനമാക്കി ക്ലിപ്തപ്പെടുത്താവുന്നതാണ്.

മി. സ്പീക്കർ: ഖാദി ഉൽപ്പന്നങ്ങൾക്ക് എന്തോ കൺഫ്യൂഷനുണ്ട് എന്നു പറഞ്ഞു.

ശ്രീ. വക്കം പുരുഷോത്തമൻ: ഖാദി ഉൽപ്പന്നങ്ങളെ ഒഴിവാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഞാൻ പരിശോധിക്കാം. പക്ഷേ അതിന് 50 ലക്ഷം രൂപ പരിധി നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഖാദിയുടെ കാര്യത്തിൽ ഞങ്ങളുടെ അവിടെയൊക്കെയുള്ള ഖാദി യൂണിറ്റുകാരെല്ലാം പറയുന്നത് അവരുടെ ഒരു വർഷത്തെ ടേൺ ഓവർ എടുത്തിട്ടാണ് ആനുകൂല്യങ്ങളെല്ലാം കണക്കാക്കുന്നത് എന്നാണ്. ഈ സ്ലാബ് വച്ചുകഴിഞ്ഞാൽ അവർക്ക് ആ ആനുകൂല്യം കിട്ടുന്നില്ല എന്നാണ്. അപ്പോൾ ഈ ആഗസ്റ്റ് 15 വരുമ്പോൾ നമ്മുടെ ഖാദി കൊണ്ട് ഉണ്ടാക്കുന്ന ദേശീയ പതാകയ്ക്കും ഗാന്ധി തൊപ്പിക്കും ഗാന്ധി തുണിക്കുമൊക്കെ ഈ നികുതി വില വർദ്ധനവ് വരുത്തും. അതുകൊണ്ട് ആ സ്ലാബ് എടുത്തുകളയണം.

മി. സ്പീക്കർ: ഒരു വ്യത്യാസമേയുള്ളൂ, അങ്ങ് പറഞ്ഞ ലിമിറ്റ് വച്ച് വരുമ്പോൾ തമിഴ്നാട്ടിൽ നിന്ന് തുണി കൊണ്ടുവന്ന് കച്ചവടം ചെയ്യുന്നവനു മാത്രമേ പ്രയോജനം വരുന്നുള്ളൂ. ഇവിടെ പ്രൊഡക്ഷൻ നടത്തുന്നവർക്ക് പലർക്കും ഗുണം കിട്ടുന്നില്ല എന്നാണ്. അതൊന്ന് നോക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഞാൻ നോക്കാം, ഖാദിയല്ലേ തീർച്ചയായിട്ടും നോക്കാം. പെട്രോളിയത്തിനും മറ്റും വില കൂടുന്നതിനനുസരിച്ച് നമ്മൾ ടാക്സ് കുറച്ചുകൊണ്ടുവരണം എന്നുപറയുന്നത് അത്ര പ്രായോഗികമല്ല, നടക്കില്ല. നമ്മൾ ഒരു വർഷത്തെ ബഡ്ജറ്റ് കണക്കാക്കുന്നതു തന്നെ ഇതിന്റെ ഒരു വർഷത്തെ വരുമാനം എല്ലാം കൂടി കണക്കാക്കിയാണ്. അങ്ങനെ വരികയാണെങ്കിൽ നമ്മൾ വലിയ ശതമാനത്തിന് കുറവു വരുത്തണം. അത് നമ്മുടെ എക്കോണമിയെ, ഇപ്പോൾ തന്നെ വളരെ ഞെരുങ്ങി കഴിയുന്ന എക്കോണമിയെ, കാര്യമായി ബാധിക്കും. അതുകൊണ്ടാണ് അത് ചെയ്യാത്തത്. ഇത് ഒരാളും ഗവൺമെന്റ് തീരുമാനിച്ചതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇത് എമ്പവേർഡ് കമ്മിറ്റി തീരുമാനിച്ചതാണ്. എമ്പവേർഡ് കമ്മിറ്റി അഭിപ്രായ വ്യത്യാസമുള്ളവരെ വിളിച്ചുവരുത്തി. എല്ലാ സ്റ്റേറ്റിൽ നിന്നുമുള്ള ആളുകളും പറഞ്ഞു 'ഇത് ഞങ്ങളും കൊടുക്കില്ല, അവർക്ക് കൊടുക്കണമെങ്കിൽ നിങ്ങളും കൊടുത്തുകൊള്ളണം, വേണമെങ്കിൽ നിങ്ങളും സബ്സിഡി കൊടുത്തുകൊള്ളണം' എന്ന്. ഇങ്ങനെ അവരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ യുനാനിമസ് ആയിട്ട് എമ്പവേർഡ് കമ്മിറ്റിയെ വച്ചതാണ്. എന്നാൽ സബ്സിക്ഷൻ ആയിട്ട് ചില സ്റ്റേറ്റുകളും, ആദ്യം ഡൽഹി, പഞ്ചാബ്, അവിടെയൊക്കെ വളരെക്കൂടുതൽ ആളുകളും ഉള്ളതാണ്, അവിടെ അവരുടെ പെരിഫറിക്കലായിട്ടുള്ള ഒരു പ്രശ്നം വന്നപ്പോൾ അങ്ങനെ സ്റ്റേറ്റുകൾക്ക് എമ്പവേർഡ് കമ്മിറ്റി ടാക്സ് കുറവു ചെയ്യുന്നതിന് അധികാരം കൊടുത്തു. കേന്ദ്ര ഗവൺമെൻറ് സബ്സിഡി കൊടുക്കട്ടെ നമുക്ക് അതിനെ സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടുമില്ല എന്നു മാത്രമല്ല, ഏതാണ്ട് 25 കോടിയോ 35 കോടിയോ നമുക്ക് അതിൽനിന്ന് കിട്ടുന്നുണ്ട്. അത് പെട്ടെന്ന് വേണ്ടെന്നുവയ്ക്കാൻ ബുദ്ധിമുട്ടാണ്. നമ്മളെ സാമ്പത്തികമായി വളരെ ബാധിക്കും. അതിൽ രണ്ടു കോടി മാത്രമേയുള്ളു ഡ്രിങ്ക്സ്, ബാക്കിയെല്ലാം ലിക്കറാണ്.

ശ്രീ. ബി. വിജയകുമാർ: കേരളത്തിൽ ഒരുപാട് വിമുക്ത ഭടൻമാർ ഉണ്ട്. ഒരു കാലഘട്ടത്തിൽ കേരളത്തിൽ നിന്നായിരുന്നു കൂടുതൽ ആളുകളെ പട്ടാളത്തിൽ റിക്രൂട്ട് ചെയ്തിരുന്നത്. അതുകാരണം ധാരാളം വിമുക്ത ഭടൻമാർ കേരളത്തിൽ ഉണ്ട്. അവരെയെല്ലാം ഇത് വളരെ ദ്രോഹകരമായി ബാധിക്കുന്നു എന്നുമാത്രമല്ല, ഇവരുടെ ഒരു മർമ്മരം—കാംപെയിൻ—അത് ഗവൺമെൻറിനെ ദോഷകരമായി ബാധിക്കും. ഇവർ തെരുവിൽ നിന്ന് ചീത്തപറയുന്നത് ഗവൺമെൻറിനെ ദോഷകരമായി ബാധിക്കും.

ശ്രീ. വക്കം പുരുഷോത്തമൻ: എവിടെ ചെന്നാലും ഏതു ക്ലബ്ബിൽ ചെന്നാലും മിലിട്ടറി സാധനങ്ങളാണ് അവിടെ വിൽക്കുന്നത്. ഗ്രാമങ്ങളിൽ എവിടെച്ചെന്നാലും മിലിട്ടറി സാധനം വാങ്ങാനായിട്ട് കിട്ടും. അത് ഗവൺമെൻറിനെ മറ്റു രീതിയിൽ വളരെ അഫക്ട് ചെയ്യുന്നുണ്ട്. ഓരോരുത്തർക്കും പത്ത്, പതിനെട്ട് കുപ്പിയൊക്കെയാണ് കാട്ട. അത് മുഴുവൻ ഈ രീതിയിൽ വിൽക്കുകയാണ്. മറെറാന്ന് കഴിഞ്ഞ തവണ ഇവിടെ പറഞ്ഞതാണെങ്കിലും ഞാൻ റിപ്പീറ് ചെയ്യുന്നു. ഇതുമാത്രമല്ല മറ് ഉൽപ്പന്നങ്ങളും എനിക്ക് ഒരു കാർ വാങ്ങണമെന്നുണ്ടെങ്കിൽ ഞാൻ പട്ടാളക്കാരന്റെ പേരിൽ വാങ്ങും. ഭീമമായ ഒരു തുകയാണ് കാറിന്റെ ടാക്സ് ഇനത്തിൽ ഗവൺമെൻറിന് പോകുന്നത്. അത് പിറേറന്ന് അയാൾക്ക് സ്വന്തം പേരിൽ മാറ്റുകയും ചെയ്യാം. പട്ടാളക്കാരന്റെ പേരിൽ വാങ്ങും, മാറ്റി വിൽക്കുകയും ചെയ്യാം. അങ്ങനെ പലതും ഉണ്ട്. ഇത് കൊടുക്കണമെന്നുണ്ടെങ്കിൽ കൺസഷൻ കേന്ദ്ര ഗവൺമെൻറ് കൊടുക്കട്ടെ എന്നാണ്. അതുകൊണ്ടാണ് നമ്മളും ഇപ്പോഴും അത് തുടരുന്നത്. എം. എൽ. എ. ഫണ്ടിന്റെ കാര്യങ്ങൾ നേരത്തെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി 10 ലക്ഷം വരെയുള്ളതിന് 4 ശതമാനമായി കുറയ്ക്കുന്നതാണ്. അത് നമ്മളും ഈ അമെൻറ്മെൻറിൽ തന്നെ ചെയ്യുന്നുണ്ട്. കരകൗശല വസ്തുക്കൾക്കുള്ള നികുതി പന്ത്രണ്ടര ശതമാനത്തിൽനിന്ന് നാല് ശതമാനമായി കുറയ്ക്കുകയാണ്. ചെറുകിട വ്യവസായങ്ങൾക്ക് മുമ്പുണ്ടായിരുന്ന നികുതി ഒഴിവ് ഇപ്പോഴും ലഭ്യമല്ല. വാറ് നിയമം അനുസരിച്ച് ഇത്തരം സൗജന്യങ്ങളും നൽകാൻ നിവൃത്തിയില്ല. എന്നാൽ ഇവർക്ക് set-off ഉള്ളതുകൊണ്ട് ആർക്കും കാണുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: വാറ്റ് നടപ്പാക്കുമ്പോൾ പ്രധാനമായും ഈ ഉപഭോക്തൃസംസ്ഥാനങ്ങൾക്ക് കിട്ടുന്ന ഒരു ഗുണം ഇരട്ട നികുതി ഒഴിവാകുന്നു എന്നുള്ളതാണ്. അതിന്റെ പ്രയോജനം കൺസ്യൂമേഴ്സിന് കിട്ടേണ്ടതാണ്. നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കേണ്ടതാണ്. പക്ഷെ ഉൽപ്പാദകർ പലരും ചെയ്യുന്നത് എം. ആർ. പി. വർദ്ധിപ്പിക്കുന്നു, എന്നിട്ട് നാട്ടിൽ വിലക്കയറ്റം ഉണ്ടാകാത്തക്ക നിലയിൽ മരുന്ന് ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില കയറ്റുന്നു. അപ്പോൾ ഇത് തടയാൻ എന്തെങ്കിലും ഫലപ്രദമായ നടപടി നമ്മുടെ എമ്പവേർഡ് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ടോ? വല്ലതും നമുക്ക് ചെയ്യാൻ കഴിയുമോ? ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിലക്കയറ്റം ഉണ്ടാകുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതാണ് ഞാൻ പറഞ്ഞത്, ശ്രീ. ജയരാജൻ അത് ശ്രദ്ധിച്ചില്ല. ഞാൻ ഇവിടെ പറഞ്ഞു ഈ ഇഷ്യൂ എമ്പവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചത് ഞാൻ തന്നെയാണ്. അതിന് നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടു. ഇതിൽ സ്റ്റേറ്റ് ഗവൺമെന്റിന് യാതൊരു വെപ്പാട്ടും ഇല്ല, കൈയിൽ ഉണ്ടായിരുന്ന നിയമങ്ങൾ ഇപ്പോൾ ഇല്ല. അത് ക്യാൻസൽ ചെയ്തു. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഇതിന് സംസ്ഥാന ഗവൺമെന്റുകൾക്ക് നടപടിയെടുക്കാനുള്ള അധികാരം നൽകണം എന്നുപറഞ്ഞ് ശക്തമായിട്ടും യുനാനിമസ് ആയിട്ടും എമ്പവേർഡ് കമ്മിറ്റി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്രീ മാർക്കറ്റ് ആയതുകൊണ്ട് they are free. അവരുടെ ഉൽപ്പന്നങ്ങളുടെ വില തീരുമാനിക്കാൻ അവർക്ക് അധികാരം ഉണ്ട്. അതുകൊണ്ട് നിയമപരമായി നമുക്ക് നടപടി എടുക്കാൻ കഴിയുന്നില്ല. എല്ലാ അസോസിയേഷനും ഉൾപ്പെടുന്നതാണ് നമ്മുടെ അഡ്വൈസറി കമ്മിറ്റി. എങ്കിലും ഗവൺമെന്റിന്റെ സ്വാധീനം ഉപയോഗിച്ച് ഇപ്പോൾ ആ അസോസിയേഷൻകാരോടെല്ലാം നമ്മൾ ആവശ്യപ്പെടും. ഈ സാധനങ്ങൾ വില കുറഞ്ഞിട്ടില്ല. അതുകൊണ്ട് അത് കുറയ്ക്കാൻ ആവശ്യപ്പെടണം, അതിൽ നടപടിയെടുക്കണമെന്ന് അവരോട് ആവശ്യപ്പെടും. ആ രീതിയിലുള്ള നടപടികൾ ഇവിടെ തുടരുകയും കേന്ദ്ര ഗവൺമെന്റിൽ നമ്മുടെ സമ്മർദ്ദം തുടർന്നു നടത്തുകയും ചെയ്യും.

ശ്രീ. രാജു എബ്രഹാം: വ്യാപാര സമിതിയുടെ പ്രസിഡന്റ് നസറുദ്ദീൻ നിരാഹാരം അവസാനിപ്പിക്കുന്നതിനു വേണ്ടി ശ്രീ. എം. എം. ഹസ്സൻ നടത്തിയ ഒരു മദ്ധ്യസ്ഥ ചർച്ചയിൽ അങ്ങയോട് ആലോചിച്ചിട്ട് ഇതിന് ഒരു പുനഃക്രമീകരണമെല്ലാം നടത്തും എന്നുള്ള ഒരു പ്രസ്താവന കേൾക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ തീരുമാനം ആയിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ ഗവൺമെന്റിന്റെ കാര്യമാണ് പറയുന്നത്. മറ്റുള്ളവരെപ്പറ്റിയൊന്നും എനിക്ക് അഭിപ്രായമില്ല. ഞാൻ പെട്രോളിയത്തിന്റെ കാര്യം ഇവിടെ പറഞ്ഞു, ഇത് സംസ്ഥാന ഗവൺമെന്റ് പറയുന്നത് കുറച്ചാണ്, പക്ഷെ കേന്ദ്ര ഗവൺമെന്റാണ് ചെയ്യുന്നത്, 90 ശതമാനവും കേന്ദ്ര എക്സൈസ് ഡ്യൂട്ടിയാണ്. ഇത് അവർക്ക് കുറയ്ക്കാവുന്നതാണ്. അവിടെ തന്നെ മന്ത്രി ഇടയ്ക്ക് ഒരു പ്രസ്താവന നടത്തിയതായി പത്രത്തിൽ വായിച്ചു, സംസ്ഥാനങ്ങൾ ഇതിന്റെ വില കുറയ്ക്കാൻ വേണ്ടി ടാക്സ് കുറയ്ക്കണമെന്ന്. അത് കേന്ദ്ര ഗവൺമെന്റിന് ചെയ്യാമല്ലോ.

ശ്രീ. എൻ. രാജൻ: മരച്ചീനി നേരത്തെ എക്സംപ്റ്റഡ് ആയിരുന്നു. യാതൊരു ഷെഡ്യൂളിലും പെടാത്തതുകൊണ്ട് അരിപ്പൊടി, ആട്ട, റവ

ഇതിനെല്ലാം നാല് ശതമാനമേ ടാക്സ് ഉള്ളൂ. പക്ഷെ കപ്പപ്പൊടിക്ക് 12 ശതമാനം വരുന്നു. ആ അനോമലി എന്താണ്?

ശ്രീ. തോമസ് ഉണ്ണിയാടൻ: ഓട്ട് ഉൽപ്പന്നങ്ങൾ, നിലവിളക്ക്, കുത്തുവിളക്ക് ഒക്കെ ഉണ്ടാക്കുന്നത് സാധാരണ തൊഴിലാളികളുടെ സഹകരണ സംഘങ്ങളാണ്. ഇതിന് നാളിതുവരെ ടാക്സ് ഒന്നും ഇല്ലായിരുന്നു. കരകൗശല വിഭാഗത്തിൽപ്പെടുന്നതാണ്; സെൽഫ് എംപ്ലോയിഡായിട്ട് ഉണ്ടാക്കുന്നതാണ്. പാവപ്പെട്ട തൊഴിലാളികൾ ഒരുമിച്ച് കൂട്ടിയ സംഘങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഓട്ട് ഉൽപ്പന്നങ്ങളെ ഈ ടാക്സിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഓട്ട് ഉല്പന്നങ്ങളുടെ കാര്യം ഞാൻ പരിശോധിച്ചിട്ടില്ല. അത് എങ്ങിനെ വരുമെന്നും അതിന്റെ ഡീട്ടൈൽസും ഒക്കെ പരിശോധിച്ചതിനു ശേഷമേ മറുപടി പറയാൻ പറ്റുകയുള്ളൂ. മരച്ചീനിയുടെ കാര്യം ഞാൻ പറഞ്ഞു, ഉണക്ക മരച്ചീനിയും മരച്ചീനി പൊടിയും ടാക്സിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ: അങ്ങ് എം. എൽ. എ. വർക്കിന്റെ കാര്യത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ നികുതി നാലു ശതമാനമാക്കി എന്നു പറഞ്ഞു, അത് സ്വാഗതാർഹമാണ്. അതുപോലെ തന്നെ ഫ്ളഡ് റിലീഫ് വർക്കിന്റെ കാര്യം പറഞ്ഞു. 8 ശതമാനം ഉണ്ടായിരുന്ന ടാക്സ് ഇപ്പോൾ പതിമൂന്നര ശതമാനമാണ് വാങ്ങുന്നത്. കൺവീനർ വർക്കാണ് ഇതിൽ വരുന്നത്. അപ്പോൾ ഈ കൺവീനർമാർ എന്തെടുക്കുന്ന വർക്കുകൾക്ക് പതിമൂന്നര ശതമാനം ടാക്സ് കൊടുക്കുക എന്നുപറയുമ്പോൾ വല്ലാത്ത ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്, വികസന രംഗത്ത് വല്ലാത്ത പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. അതൊന്ന് പരിഗണിക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: അതും 10 ലക്ഷം എസ്റ്റിമേറ്റ് ഉള്ളതിന് നാല് ശതമാനമാക്കി കുറയ്ക്കാനായിട്ട് നടപടി എടുക്കാം.

ശ്രീ. ടി. പി. എം. സാഹിർ: ഗവൺമെന്റിന്റെ വാറ്റ് നയത്തോട് അനുകൂലമായി വ്യാപാരികൾ പ്രതികരിച്ചതിന്റെ ഫലമായി ടാക്സ് കളക്ഷൻ കൂടിയിട്ടുണ്ട്. ടാക്സ് കളക്ഷൻ കൂടിയതിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം മുതൽ 50 ലക്ഷം രൂപ വിറ്റുവരവുള്ളവരുടെ ഇൻസെന്റീവ് അങ്ങ് .5 ശതമാനം ആക്കിയത് .4 ശതമാനമാക്കി അവരെ പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, .5 ശതമാനമാക്കിയത് തന്നെ കൺസിഡറേഷനല്ലേ, .5 ശതമാനമാക്കി കുറച്ചില്ലേ, ഇനി അതിലും കുറയ്ക്കണമെന്നു പറയുന്നത് കട്ടിയല്ലേ, ടാക്സ് കളക്ഷൻ കൂടിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ 5.4 ശതമാനം ആണ് കൂടിയിട്ടുള്ളത്. അതേസമയത്തിൽ പഞ്ചാബിലാണെങ്കിൽ 42.5 ശതമാനം കൂടിയിട്ടുണ്ട്. ഒറീസയിലാണെങ്കിൽ 35.2 ശതമാനം കൂടിയിട്ടുണ്ട്. കർണ്ണാടകത്തിൽ തന്നെ 25.2 ശതമാനം കൂടിയിട്ടുണ്ട്. നമുക്ക് ഇവിടെ അഞ്ചേ കൂടിയിട്ടുള്ളൂ. നമ്മൾ അമിതമായി ഒന്നും ചെയ്തിട്ടില്ല എന്നാണ് അതിന്റെ അർത്ഥം. ആകെ കുറവുള്ളത് രണ്ടേ രണ്ടു സംസ്ഥാനങ്ങളാണ്. ഒന്ന്, ബീഹാർ മറ്റൊന്ന് ത്രിപുര. ഈ രണ്ടു സംസ്ഥാനങ്ങളിൽ മാത്രമേ കുറവ് വന്നിട്ടുള്ളൂ. വെസ്റ്റ് ബംഗാളിലും 10.9 ശതമാനം കൂടിയിട്ടുണ്ട്. നമ്മൾ വാറ്റ് ഇൻട്രൊഡ്യൂസ് ചെയ്തതിന്റെ ഫലമായി അമിതമായി

LIBRARY ARCHIVES Kerala Legislative Assembly

ടാക്സേഷൻ ഉണ്ടായിട്ടില്ല എന്നുള്ളതാണ് കണക്കുകൾ കാണിക്കുന്നത്. ഇപ്പോൾ 5.6 ശതമാനം കൂടിയിട്ടുണ്ടെങ്കിൽപ്പോലും ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ നാച്ചുറൽ ഗ്രോത്തിന്റെ ലവലിലേക്ക് വന്നിട്ടില്ല. എന്നുവച്ചാൽ താരതമ്യേന കഴിഞ്ഞ വർഷത്തേക്കാൾ ടാക്സ് കുറവാണെന്നുള്ളതാണ്. അല്ലെങ്കിൽ ഒരു 10 ശതമാനത്തിൽ കൂടുതൽ ഓരോ വർഷവും ഗ്രോത്ത് ഉണ്ടാകണം ആ ഗ്രോത്ത് വന്നിട്ടില്ല. ആപ്പോൾ നമ്മൾ അമിതമായി ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. കുറവു മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നുള്ളത് വളരെ വ്യക്തമായി കാണാം. പിന്നെ ഈ പറയുന്ന കാര്യങ്ങളെല്ലാം പരിശോധിക്കാം. നമുക്കെല്ലാവർക്കും ഒന്നിച്ചിരുന്ന് ചർച്ച ചെയ്തു എന്തെങ്കിലും പ്രത്യേക ഇഷ്യൂ ഉണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അർഹതയുള്ളതാണെങ്കിൽ ഒരു മടിയുമില്ലാതെ അത് സമ്മതിക്കാൻ ഞാൻ ശ്രമിക്കാം. അതിൽ യാതൊരു സംശയവും വേണ്ട, ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: ഇല്ല.

മി. സ്പീക്കർ: ശ്രീ. ബാബു, അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച് . VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ സാമ്പത്തികകാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(7) 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ

LIBRARY ARCHIVES Kerala Legislative Assembly